# *സാന്ത്വനമേകി സ്നേഹിത, പ്രളയക്കെടുതിയിൽപ്പെട്ടവർക്ക് ശുഭാപ്തി വിശ്വാസം തിരികെയേകി കുടുംബശ്രീയുടെ കൗൺസിലിങ്*

എന്റെ ഈ പരാതി കേൾക്കാൻ പലരും തയാറായിട്ടില്ല, ഇങ്ങനെ കേട്ടിരിക്കാനും എന്നെ ആശ്വസിപ്പിക്കാനും ഈ കൊച്ച് കാണിച്ച മനസ്സുണ്ടല്ലോ അതാണ് ഏറ്റവും വലുത് പറയുന്നത് കോട്ടയം ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ കൊടിയാട് തറപ്പേൽ വീട്ടിലെ ഓമന രവി. പ്രളയത്തെത്തുടർന്ന് ഒരാഴ്ചയിലേറെയായി ദുരിതാശ്വാസ ക്യാമ്പിൽ അഭയം പ്രാപിച്ചിരിക്കുകയാണ് ഓമന. അവിടെയെത്തിയ കുടുംബശ്രീ സ്നേഹിത ഉദ്യോഗസ്ഥയായ അനിത ടി അവറാച്ചനോട് തന്റെ പരിതസ്ഥിതി വിവരിക്കുമ്പോൾ ഓമനയ്ക്ക് പലപ്പോഴും വാക്കുകൾ ഇടറി. 62കാരിയായ ഓമന ഒറ്റയ്ക്കാണ് താമസം. പ്രധാന റോഡിലേക്കെത്താനുള്ള നടപ്പ് വഴിയാണ് പ്രധാന പ്രശ്നം. അയൽവാസികളിലൊരാൾ സ്ഥലം വിട്ടു നൽകാൻ കൂട്ടാക്കാത്തതിനാൽ ഏറെ ദൂരം നടന്ന് വേണം ഓമനയ്ക്ക് വീട്ടിലേക്ക് പോകാൻ. ആരോഗ്യ പ്രശ്നങ്ങളും നിരവധിയുണ്ട്. ഇതിനിടയിലാണ് പ്രളയമെത്തിയത്, വീടിന് ചുറ്റും വെള്ളം കയറി, ഫലമോ കരയിലേക്കെത്താൻ മീറ്ററുകളോളം നടക്കുകയും നീന്തുകയും വേണം. ഓമനയെപ്പോലെ നിരവധി പേരാണ് ഇങ്ങനെ ഉള്ളം നീറുന്ന പ്രശ്നങ്ങളുമായി ദുരിതാശ്വാസ ക്യാമ്പുകളിൽ ഇപ്പോൾ കഴിയുന്നത്.

അപ്രതീക്ഷിതമായെത്തിയ പ്രളയ ജലം തകർത്തെറിഞ്ഞത് അതുവരെ സ്വരുക്കൂട്ടിയ അവരുടെ സമ്പാദ്യങ്ങൾ മാത്രമല്ല ഭാവിയേക്കുറിച്ചുള്ള ആത്മവിശ്വാസവും കൂടിയായിരുന്നു. സ്വന്തം വീടും പറമ്പും പ്രളയത്തിൽ മുങ്ങുമെന്ന് സ്വപ്നത്തിൽപ്പോലും കരുതാതെ സുഖമായി കിടന്നുറങ്ങിയ പലരെയും ഞെട്ടിച്ചാണ് വീടിനുള്ളിലേക്ക് പ്രളയ ജലം കുത്തിയൊഴുകിയത്. ഫലമോ സ്വന്തം ജീവനും കൈയിൽ പിടിച്ച് എങ്ങനെയും രക്ഷപ്പെട്ടാൽ മതിയെന്ന ചിന്തയിൽ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് അവർ പാലായനം ചെയ്തു. ഇങ്ങനെ ആകെ പേടിയിലും ഭീതിയിലും ആത്മവിശ്വാസം നഷ്ടപ്പെട്ട് കഴിയുന്നവരിലേക്കാണ് കുടുംബശ്രീയുടെ സ്നേഹിത സംഘം എത്തിത്തുടങ്ങി ഫലപ്രദമായ കൗൺസിലിങ് സേവനം നൽകി തുടങ്ങിയത്.

പ്രളയത്തിന്റെ അനന്തരഫലമായി മാനസിക തകർച്ച നേരിടുന്നവർക്ക് തങ്ങളാലാവും വിധം ആത്മവിശ്വാസം നൽകുകയാണ് സ്നേഹിത ഉദ്യോഗസ്ഥരും കമ്മ്യൂണിറ്റി

കൗൺസിലർമാരും. അതിക്രമങ്ങളിൽ ഉൾപ്പെട്ട് ഒറ്റപ്പെട്ട് പോകുന്ന സ്ത്രീകൾക്ക് എന്നും താങ്ങും തണലുമായി നിൽക്കുന്ന സ്നേഹിത ഇപ്പോൾ പ്രളയക്കെടുതിയിലും മനുഷ്യ മനസ്സിന് ആശ്വാസമാകുന്ന പ്രവർത്തനങ്ങളുമായാണ് മുന്നോട്ട് പോകുന്നത്. കോട്ടയം ജില്ലയിലെ സ്നേഹിത കൗൺസിലറായ അനിത പോകുന്ന നാലാമത്തെ ക്യാമ്പാണ് കൊടിയാട്ടേത്. പ്രളയത്തിൽപ്പെട്ടവർക്ക് അവരുടെ പരാതി കേൾക്കാൻ ഇരുന്ന് കൊടുക്കുന്നത് തന്നെയാണ് ഏറ്റവും ആദ്യം താനുൾപ്പെടുന്ന സ്നേഹിത സംഘവും കമ്മ്യൂണിറ്റി കൗൺസിലർമാരും ചെയ്യുന്നതെന്ന് അനിത. പല ആശങ്കകളാണ് അവർക്ക്. നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾ മറ്റ് പ്രധാന രേഖകൾ എന്ന് തുടങ്ങി വീടിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തായിരിക്കും വളർത്തുമൃഗങ്ങളെ നഷ്ടമായതിനെക്കുറിച്ച്, ഉപജീവന മാർഗ്ഗത്തെക്കുറിച്ച്. എല്ലാം കേട്ട് ആശ്വാസ വാക്കുകൾ പറയുമ്പോൾ തന്നെ അവരിൽ പലർക്കും സമാധാനമാകും. പുരുഷന്മാർക്ക് പലർക്കും സങ്കടങ്ങൾ പങ്കുവയ്ക്കാൻ മടിയാണ്. എന്നാൽ ക്യാമ്പിലെ സ്ത്രീകൾ സംസാരിക്കുന്നത് കാണുമ്പോൾ അവരും വന്ന് സങ്കടങ്ങൾ പറയുന്നു, നീറുന്ന പ്രശ്നങ്ങൾ പങ്കുവയ്ക്കുന്നു. അവർക്കെല്ലാം ആശ്വാസ വാക്കുകൾ പറയാനും ജീവിതത്തിൽ പ്രതീക്ഷയുടെ വെളിച്ചം വീണ്ടും നൽകാനും കഴിഞ്ഞതിൽ താനുൾപ്പെടെയുള്ള കുടുംബശ്രീ സംഘത്തിന് ഏറെ സന്തോഷമുണ്ടെന്ന് പറയുന്നു അനിത. പ്രളയ പ്രശ്നം ഉണ്ടായപ്പോൾ തന്നെ സ്നേഹിത ഉദ്യോഗസ്ഥരും കമ്മ്യൂണിറ്റി കൗൺസിലർമാരും ക്യാമ്പുകൾ സന്ദർശിച്ച് തുടങ്ങിയിരുന്നു.

ഉദയനാപുരം പഞ്ചായത്തിൽ ഏറ്റവും ആദ്യം വെള്ളപ്പൊക്ക പ്രശ്നത്താൽ ബാധിക്കപ്പെടുന്ന വാർഡുകളാണ് ഒമ്പതും പത്തും. ഓമനയെപ്പോലെ നിരവധി പേരാണ് ഈ രണ്ട് വാർഡുകളിൽ നിന്നും ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറിയിരിക്കുന്നത്. ഓഗസ്റ്റ് 16ന് വെള്ളം കയറിയപ്പോൾ തന്നെ കൊടിയാട് കമ്മ്യൂണിറ്റി ഹാളിലേക്ക് ഇവർ എത്തി. എന്നാൽ ഇതാദ്യമായി ക്യാമ്പിലും വെള്ളം കയറിയതോടെ പഞ്ചായത്തിലെ മറ്റ് ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ഇവർക്ക് മാറേണ്ടി വന്നു. ഒടുവിൽ 24ന് അവർ വീണ്ടും കൊടിയാടിലെ ദുരിതാശ്വാസ ക്യാമ്പിലേക്ക് തന്നെ തിരികെയെത്തി. ഇവിടെ ഇപ്പോൾ 42 പേരാണുള്ളത്. പലരുടെയും വീടുകളിൽ വെള്ളം ഇറങ്ങിയിട്ടില്ല. അതിനാൽ തന്നെ ഇനിയും ദിവസങ്ങളോളം ഇവർ ക്യാമ്പിൽ തന്നെ തുടരേണ്ടി വരും.





